# 1,000 കോടിയുടെ വിൽപ്പന ലക്ഷ്യമിട്ട് ബോംബെ ഡയിങ്

**കൊച്ചി:** വാഡിയ ഗ്രൂപ്പിൻെറ ഭാഗമായ ബോംബെ ഡയിങ് ഒട്ടേറെ പുതുമകളോടെ റീട്ടെയിൽ വിപണിയിൽ സാന്നിധ്യം ശക്തമാക്കുന്നു. വിഷൻ 2020 എന്ന പദ്ധതി വഴി നാലുവർഷം കൊണ്ട് വാർഷിക വിറ്റുവരവ് മൂന്നിരട്ടി വർദ്ധിപ്പിച്ച് 10,00 കോടിയിലെത്തിക്കുകയാണ് ലക്ഷ്യമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നാഗേഷ് രാജണ്ണ പറഞ്ഞു. പുതിയ ഉത്പന്നങ്ങളും ഡിസൈനുകളും അവതരിപ്പിച്ച് യുവതലമുറയെ ആകർഷിക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

രാജ്യത്തെ ഫ്രാഞ്ചൈസി ഷോപ്പുകളുടെ എണ്ണം 200 ൽ നിന്ന് നാലുവർഷം കൊണ്ട് 500 ആക്കും. കേരളത്തിൽ 30 കോടിയോളമാണ് വാർഷിക വിറ്റുവരവ്. ഇത് 2020ൽ 100 കോടിയാക്കും. ഇതിനായി 50 ഫ്രാഞ്ചൈസി സ്റ്റോറുകൾ തുറക്കും.

ഓൺലൈൻ വിപണിയുടെ സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താൻ മാർച്ചോടെ ഇ - കോമേഴ്സ് പോർട്ടൽ ലോഞ്ച് ചെയ്യും. കേരളത്തിനിണങ്ങിയ ഉത്പന്ന ശ്രേണികളും വൈകാതെ വിപണിയിലിറക്കുമെന്ന് നാഗമേഷ് രാജണ്ണ പറഞ്ഞു.